**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 693** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ; ഇവർക്കു എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും ഇനി എത്രപേർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ പത്തുവർഷത്തിനിടയിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണവും വിതരണം ചെയ്തിട്ടുള്ള നഷ്ടപരിഹാരവും വർഷം തിരിച്ച് അനുബന്ധം -1 ആയി ചേർക്കുന്നു.

2024-25 വർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്നും പരിക്കേറ്റവരിൽ നിന്നും നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ പരിശോധന പൂർത്തീകരിച്ച് 154 അപേക്ഷകളിലായി 147.17 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിക്കാനുണ്ട്. ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധന നടത്തി ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്. മുൻവർഷങ്ങളിൽ ലഭിച്ച അപേക്ഷകളിൽ മതിയായ രേഖകളിൽ അപര്യാപ്തതയുള്ളത് ഒഴികെയുള്ള എല്ലാ അപേക്ഷകളിലും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതാണ്.

**(ബി)** വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിന് കഴിഞ്ഞ 10 വർഷത്തിനിടെ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇതിന്റെ വർഷം തിരിച്ചുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കാമോ ;

**<u>മറുപടി:</u>** വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിന് കഴിഞ്ഞ 10 വർഷത്തിനിടെ ആകെ 20,337.94816 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം -2 ആയി ചേർക്കുന്നു.

**(സി)** കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വന്യ ജീവി ആക്രമണത്തിൽ കൃഷി നാശം സംഭവിച്ചവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ; ഇവർക്കു എത്ര തുക നഷ്ടപരിഹാരമായി വിതരണം

ചെയ്തുവെന്നും ഇനി എത്രപേർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വന്യജീവി ആക്രമണത്തിൽ കൃഷി നാശം സംഭവിച്ചവരുടെ എണ്ണം വർഷം തിരിച്ചുള്ളതും; ഇവർക്കു എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും ഇനി എത്രപേർക്ക് എത്ര തുക നഷ്ടപരിഹാരം നല്കാനുണ്ടെന്നും ഉള്ള വിവരം അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു.

2025-26 വർഷത്തിൽ കാർഷിക നഷ്ടപരിഹാരത്തിനായി ലഭിച്ച 135 അപേക്ഷകളിന്മേൽ 11.775 ലക്ഷം രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് രേഖകളുടെ പരിശോധന നടത്തി ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് അർഹമായ തുക വിതരണം ചെയ്യുന്നതാണ്. മുൻവർഷങ്ങളിൽ ലഭിച്ച അപേക്ഷകളിൽ മതിയായ രേഖകളിൽ അപര്യാപ്തതയുള്ളത് ഒഴികേയുള്ള എല്ലാ അപേക്ഷകളിലും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 693(3)

| വർഷം | അപേക്ഷ-കൾ | തുക (രൂ. ലക്ഷം) |
|---|---|---|
| 2016-17 | 1883 | 160.65196 |
| 2017-18 | 3219 | 236.67628 |
| 2018-19 | 3374 | 278.8466 |
| 2019-20 | 3162 | 255.88715 |
| 2020-21 | 3188 | 217.71523 |
| 2021-22 | 3131 | 236.97943 |
| 2022-23 | 3171 | 240.76504 |
| 2023-24 | 2926 | 221.79084 |
| 2024-25 | 2977 | 211.34082 |
| 2025-26 | 3084 | 534.17803 |
| **ആകെ** | **30115** | **2594.83138** |

അനുബന്ധം 693(2)

| വർഷം | തുക (ലക്ഷം രൂപയിൽ) |
|---|---|
| 2016-17 | 1,352.30208 |
| 2017-18 | 1,291.0426 |
| 2018-19 | 1,202.69617 |
| 2019-20 | 2,743.44481 |
| 2020-21 | 1,903.16862 |
| 2021-22 | 1,587.15156 |
| 2022-23 | 1,625.83172 |
| 2023-24 | 2,219.00941 |
| 2024-25 | 2,221.33728 |
| 2025-26 | 4,191.96391 |
| **ആകെ** | **20,337.94816** |

അനുബന്ധം 693(1)

| വർഷം | മരണം | | പരിക്ക് | |
|---|---|---|---|---|
| | എണ്ണം | നഷ്ടപരിഹാരം (തുക ലക്ഷം രൂപയിൽ) | എണ്ണം | നഷ്ടപരിഹാരം (തുക ലക്ഷം രൂപയിൽ) |
| 2016-17 | 145 | 239.75 | 798 | 227.34 |
| 2017-18 | 119 | 198.21 | 846 | 270.75 |
| 2018-19 | 146 | 242.66 | 765 | 258.43 |
| 2019-20 | 90 | 221.70 | 699 | 215.82 |
| 2020-21 | 88 | 270.50 | 988 | 259.27 |
| 2021-22 | 113 | 444.10 | 758 | 254.90 |
| 2022-23 | 89 | 337.31 | 1,275 | 245.73 |
| 2023-24 | 76 | 709.26 | 1,603 | 603.41 |
| 2024-25 | 67 | 797.00 | 1,705 | 578.33 |
| 2025-26 | 48 | 485.03 | 1,539 | 1,209.62 |
| **ആകെ** | **981** | **3945.52** | **10976** | **4123.60** |